(ഡി) സഫേദ് മുസലി, ഊദ് എന്നിവയുടെ കൃഷി പ്രോത്സാഹിപ്പിക്കുന്നതിനുള്ള പദ്ധതികളൊന്നും കൃഷിവകുപ്പിന്റെ പരിഗണനയിലില്ല. എന്നാൽ വാനിലകൃഷിയുടെ പ്രോത്സാഹനത്തിനായി വേര് പിടിപ്പിച്ച വള്ളികളും, ടിഷ്യുകൾച്ചർതൈകളും സൗജന്യ നിരക്കിൽ വിതരണം ചെയ്തുവരുന്നു.

(ഇ) കേന്ദ്ര സർക്കാരിന്റെ സഹായത്തോടെ 282.80 ലക്ഷം രൂപയുടെ പുഷ്പകൃഷി വികസന പദ്ധതിയും ഫലവർഗ്ഗങ്ങളുടെ വികസനത്തിനായി കേന്ദ്ര സർക്കാരിന്റെ സഹായത്തോടെ 200 ലക്ഷം രൂപയുടെ പദ്ധതിയും നടപ്പിലാക്കുന്നതാണ്.

(എഫ്) കൃഷിവകുപ്പ് നടപ്പിലാക്കി വരുന്ന മിക്കവാറും എല്ലാ പദ്ധതികളും ചെറുകിട കർഷകരെ സഹായിക്കാൻ ഉദ്ദേശ്യമിട്ടുകൊണ്ടുള്ളതാണ്. പുതിയ പദ്ധതികൾ താഴെ ചേർക്കുന്നു:

ജൈവകൃഷി പ്രോത്സാഹന പരിപാടി, ഔഷധ സസ്യങ്ങൾ, സുഗന്ധവിളകൾ, പുഷ്പകൃഷി എന്നിവയുടെ കാർഷിക എക്സ്പോർട്ട് സോണുകൾ സ്ഥാപിക്കൽ, വിർച്വൽ യൂണിവേഴ്സിറ്റി സ്ഥാപിക്കൽ, ആധുനിക ലബോറട്ടറികൾ സ്ഥാപിക്കൽ, കാർഷിക മേഖലയിൽ വനിതാവികസന പരിപാടി, കർഷകരുടേയും വിജ്ഞാന വ്യാപന പ്രവർത്തകരുടേയും സന്ദർശനം എന്നിവയാണ് പുതിയ പദ്ധതികൾ.

"കാർഷികോത്പാദനത്തിൽ പൊതുജനപങ്കാളിത്തം"

73 [2042] ശ്രീ. പി. കെ. അബ്ദുറബ്ബ്:
,, കളത്തിൽ അബ്ദുള്ള:
,, കെ. കുട്ടി അഹമ്മദ് കുട്ടി:
,, ടി. പി. എം. സാഹിർ:
,, പി. കെ. കെ. ബാവ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും, കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാർഷികോൽപാദനത്തിൽ പൊതുജനപങ്കാളിത്തം ഉണ്ടാക്കുന്നതിന് കൃഷി വകുപ്പ് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ;

(ബി) ഇതിന്റെ അടിസ്ഥാനത്തിൽ ഉൽപ്പാദനത്തിലുണ്ടായ വർദ്ധന കണക്കാക്കിയിട്ടുണ്ടോ; എങ്കിൽ എത്ര?

ഉത്തരം

(എ) ഉണ്ട്. കാർഷികോത്പാദന പദ്ധതിയിൽ പൊതുജനപങ്കാളിത്തം എന്ന സംസ്ഥാനതല പദ്ധതി പ്രകാരം സംസ്ഥാനതലത്തിലും ജില്ലാതലത്തിലും മേളകളും സെമിനാറുകളും നടത്തുന്നു. കൂടാതെ, കൃഷിഭവൻ തലത്തിൽ ചിങ്ങം ഒന്നിന് കർഷകദിനം ആചരിക്കൽ, സംസ്ഥാന കർഷക അവാർഡുകൾ നൽകൽ, സംസ്ഥാന തലത്തിലും കൃഷിഭവൻ തലത്തിലും കാർഷിക ഉപദേശക്കമ്മറ്റിയുടെ ചെലവുകൾ

LIBRARY ARCHIVES Kerala Legislative Assembly

വഹിക്കൽ, ഫാം ഇൻഫർമേഷൻ ബ്യൂറോയുടെ വിവിധ എക്സ്റ്റൻഷൻ പ്രവർത്തനങ്ങൾ എന്നിവയും ഈ പദ്ധതി മുഖാന്തിരം നടപ്പിലാക്കുന്നു. ഇതിനായി 50 ലക്ഷം രൂപ ഈ സാമ്പത്തിക വർഷം വകയിരുത്തിയിട്ടുണ്ട്.

(ബി) കണക്കാക്കിയിട്ടില്ല.

ഊർജ്ജിത നെല്ലുല്പാദന പദ്ധതി

74 [2043] ശ്രീ. ടി. കെ. ബാലൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെല്ലുല്പാദന രംഗത്ത് സംസ്ഥാനത്തിനു ഇപ്പോൾ എത്രാമത്തെ സ്ഥാനമാണുള്ളത്;

(ബി) സംസ്ഥാനത്തിന്റെ ആവശ്യത്തിൽ എത്ര ശതമാനം നെല്ലാണ് പ്രതിവർഷം ഉല്പാദിപ്പിക്കാൻ കഴിയുന്നത്;

(സി) ഊർജ്ജിത നെല്ലുല്പാദന പദ്ധതിയുടെ ഇപ്പോഴത്തെ അവസ്ഥ എന്താണ്;

(ഡി) നെല്ലുല്പാദന മേഖലയിൽ കർഷകരെ ഉറപ്പിച്ചുനിർത്താനും കൂടുതൽ കർഷകരെ നെല്ലുല്പാദന മേഖലയിലേക്ക് ആകർഷിക്കാനും സർക്കാർ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) 16-ാം സ്ഥാനം.

(ബി) 17.5 ശതമാനം.

(സി) പദ്ധതി ഇപ്പോൾ നിലവിലില്ല.

(ഡി) കർഷകരെ നെൽകൃഷിയിൽ ഉറപ്പിച്ചുനിർത്താനും കൂടുതൽ പേരെ ഇതിലേയ്ക്കു ആകർഷിച്ച് നെൽകൃഷി വികസിപ്പിക്കുന്നതിനുമായി ഇപ്പോൾതന്നെ വിവിധ പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പാക്കിവരുന്നു. സംസ്ഥാനാവിഷ്കൃത നെൽവികസന പദ്ധതിപ്രകാരം 2004-05-ൽ 1080 ലക്ഷം രൂപയ്ക്കും, കേന്ദ്രാവിഷ്കൃത പദ്ധതിപ്രകാരം 800 ലക്ഷം രൂപയ്ക്കുമുള്ള പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കിവരുന്നു. ശാസ്ത്രീയ കൃഷി രീതികൾ അവലംബിച്ചും, ഒരു പരിധിവരെ യന്ത്രവൽക്കരണം നടപ്പിലാക്കിയും ഉൽപാദനച്ചെലവ് കുറയ്ക്കാൻ വേണ്ട നടപടി സ്വീകരിച്ചിട്ടുണ്ട്. അത്യുല്പാദനശേഷിയുള്ള വിത്തിനങ്ങൾ ലഭ്യമാക്കുവാനും, പാടശേഖരങ്ങളുടെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുവാനും നടപടികൾ സ്വീകരിച്ചുവരുന്നു. നെൽകൃഷിക്ക് പൂർണ്ണമായി വൈദ്യുതി സൗജന്യം നൽകുന്നത് കൂടാതെ കൊയ്ത്തുകാലത്ത് സർക്കാർ വിപണിയിൽ ഇടപെട്ട് കർഷകർക്ക് അവർ ഉല്പാദിപ്പിക്കുന്ന നെല്ലിന് ന്യായവില ലഭ്യമാക്കുവാൻ നടപടി സ്വീകരിക്കുന്നുണ്ട്. ഉല്പാദനോപാധികൾ ലഭ്യമാക്കുവാനും, സംസ്ക്കരണ വിപണന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുമുള്ള നടപടികൾ സ്വീകരിക്കുന്നുണ്ട്. ഗ്രൂപ്പ് ഫാമിംഗ് പദ്ധതി പ്രകാരം 1000 രൂപാ നിരക്കിൽ സബ്സിഡി നൽകുന്നു.

LIBRARY ARCHIVES Kerala Legislative Assembly